"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിലെ ബ്ലോക്ക് 14 റീസർവ്വേ 94/113 ൽപെട്ട 01.61 ആർ ഭൂമി ശ്രീ. നൗഷാദ്, ശ്രീമതി സജീനമോൾ, വിഴിഞ്ഞം എന്നിവർക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.343/2025/RD തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-

1. 30/11/09 ലെ സ.ഉ (എം.എസ്) നം.491/09/റവ നമ്പർ ഉത്തരവ്.
2. ജില്ലാ കളക്ടറുടെ 18.06.2022, 08.09.2025 എന്നീ തീയതികളിലെ ബി.3/277958/2020 നമ്പർ കത്തുകൾ.
3. ലാൻറ് റവന്യൂ കമ്മീഷണറുടെ 05/10/2022, 30.09.2025 എന്നീ തീയതികളിലെ എൽ. ആർ/ 8882/2022-എൽ. ആർ. (ജെ.6) നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഭൂമി അനുവദിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് 14 റീസർവ്വേ 94/113 ൽപെട്ട 01.61 ആർ ഭൂമി പ്രസ്തുത ഉത്തരവ് പ്രകാരം പതിച്ചു നൽകിയത് ശ്രീ. മുത്തു മുഹമ്മദ് എന്നയാൾക്കായിരുന്നു. എന്നാൽ പട്ടയം ലഭിക്കുന്നതിനു മുമ്പ് ടി. മുത്തു മുഹമ്മദ് മരണപ്പെട്ടതിനാൽ ടിയാന്റെ മക്കളായ ഷംനാദ്, ഷാനവാസ് എന്നിവർ ചേർന്ന് ടി മുത്തു മുഹമ്മദിന്റെ മകളും മേൽ കക്ഷികളുടെ സഹോദരിയുമായ ശ്രീമതി. സജീനമോളുടെ പേർക്ക് കരാർപത്രം മുഖേന പ്രസ്തുത ഭൂമി കൈമാറി നൽകി. ശ്രീ. നൗഷാദ്, ശ്രീമതി സജീനമോൾ എന്നിവരാണ് പ്രസ്തുത ഭൂമിയിൽ നിലവിൽ താമസിയ്ക്കുന്നത്.

2. അപേക്ഷകർ അപേക്ഷയ്ക്കാധാരമായ ഭൂമിയിൽ വീട് വച്ച് താമസിയ്ക്കുന്നതായും ടിയാളുകൾക്ക് ടി ഭൂമിയല്ലാതെ മറ്റ് ഭൂമികൾ ഒന്നുമില്ലെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകരുടെ വാർഷിക വരുമാനം 1,20,000/- (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയാണെന്നും) അപേക്ഷസ്ഥലം സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 400 മീറ്റർ അകലെയാണ് സ്ഥിതിചെയ്യുന്നതെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പതിവിനുള്ള അപേക്ഷ ശ്രീ.നൗഷാദ്, ശ്രീമതി സജീനമേൾ എന്നിവർ ചേർന്നാണ് സമർപ്പിച്ചിട്ടുള്ളതെങ്കിലും കരാർപത്രപ്രകാരം ഭൂമി ലഭ്യമായിരിയ്ക്കുന്നത് ശ്രീമതി സജീനമോൾ പേർക്കാണെന്ന് കാണുന്നു. അപേക്ഷകർ പേരിൽ പട്ടയം അനുവദിയ്ക്കുന്നതിനായി 1995 ലെ ഭൂമി പതിവ് ചട്ട പ്രകാരം 7(1)

നോട്ടീസ് പ്രസിദ്ധപ്പെടുത്തിയതിൽ നാളിതുവരെ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അപേക്ഷാ സ്ഥലം സർക്കാർ പതിച്ച് നൽകുന്നതിനായി അനുവദിച്ച സ്ഥലമായതിനാൽ മറ്റു വകുപ്പുകളുടെ NOC ആവശ്യമുള്ളതായി കാണുന്നില്ല. അപേക്ഷകർ ഭൂമി പതിവിന് അർഹരാണെന്നും ആയതിനാൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് 14 റീസർവ്വേ 94/113 ൽപെട്ട 01.61 ആർ ഭൂമി ശ്രീ. നൗഷാദ്, ശ്രീമതി സജീനമോൾ എന്നിവർ പേരിൽ പതിച്ചു നൽകുന്നതിനു സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നുമാണ് പരാമർശം (2)&(3) പ്രകാരം ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും ആവശ്യപ്പെട്ടിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാമർശം (1) പ്രകാരം ശ്രീ. മുത്തു മുഹമ്മദ് എന്നയാൾക്ക് അനുവദിച്ചുത്തരവായതും പട്ടയം ലഭിക്കുന്നതിന് മുമ്പ് ടി മുത്തു മുഹമ്മദ് മരണപ്പെട്ടതിനാൽ ടിയാളുടെ അനന്തരാവകാശികൾ കരാർ പത്രം മുഖേന കൈമാറി നൽകിയിട്ടുള്ളതുമായ തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് 14 റീസർവ്വേ 94/113 ൽപെട്ട 01.61 ആർ ഭൂമി നിലവിലെ താമസക്കാരായ ശ്രീ. നൗഷാദ്, ശ്രീമതി സജീനമോൾ, ഹൗസ് നമ്പർ 442, ടൗൺഷിപ്പ് കോളനി, വിഴിഞ്ഞം എന്നിവരുടെ പേരിൽ പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പതിവധികാരിക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച നിയമാനുസൃത തുടർനടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. നൗഷാദ് & ശ്രീമതി സജീനമോൾ, ഹൗസ് നമ്പർ 442, ടൗൺഷിപ്പ് കോളനി, വിഴിഞ്ഞം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം.
വിവര-പൊതു ജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
സെക്ഷൻ ഓഫീസർ.
Date: 27-12-2025 14:05:20

പകർപ്പ്:

ബഹു. റവന്യൂ മന്ത്രിയുടെ പി എസ്സിന്
സെക്രട്ടറിയുടെ പി എ യ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്